

## ഏഷ്യയിലെ ആദ്യ വനിതാ ന്യൂറോസർജൻ അന്തരിച്ചു

ചെന്നൈ: ഏഷ്യയിലെ ആദ്യ വനിതാ ന്യൂറോസർജൻ ടി.എസ്.കനക ചെന്നൈയിൽ അന്തരിച്ചു. 86 വയസായിരുന്നു. മദ്രാസ് മെഡിക്കൽ കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ന്യൂറോളജി പ്രൊഫസറായിരുന്ന കനക 1990ലാണ് വിരമിച്ചത്. ന്യൂറോസർജറി തിരഞ്ഞെടുക്കാൻ രാജ്യത്തെ നിരവധി വനിതകൾക്ക് അവർ പ്രചോദനമായി. ലോകത്തിലെ തന്നെ മൂന്നാമത് വനിതാ ന്യൂറോസർജനായിരുന്നു കനക. ഇൻഡോ-ചൈന യുദ്ധകാലത്ത് രണ്ട് വർഷം ആർമി മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മദ്രാസ് മെഡിക്കൽ കോളേജിൽ നിന്ന് വിരമിച്ചശേഷം ശ്രീ ശാന്തന പത്മാവതി ഹെൽത്ത് കെയർ ആൻഡ് റിസർച്ച് ഫൗണ്ടേഷൻ എന്ന പേരിൽ പാവപ്പെട്ടവർക്കായി ആശുപത്രി ആരംഭിച്ചു.



## ഡൽഹി സർക്കാർ ഒരുക്കിയ വേദിയിൽ ടി.എം കൃഷ്ണ ഇന്ന് പാടും

ന്യൂഡൽഹി: എയർപോർട്ട് അതോറിട്ടി ഉപേക്ഷിച്ചതോടെ വിവാദമായ പ്രശസ്ത സംഗീതജ്ഞൻ ടി.എം. കൃഷ്ണയുടെ കച്ചേരി ഡൽഹിയിലെ ആംആദ്മി സർക്കാർ ഇന്ന് സംഘടിപ്പിക്കും. വൈകിട്ട് ഡൽഹി സാകേതിലെ ഗാർഡൻ ഒഫ് ഫൈവ് സെൻസസിൽ വൈകിട്ട് 6.30നാണ് കച്ചേരി.

എയർപോർട്ട് അതോറിട്ടിയും സാംസ്കാരിക സംഘടനയായ സ്പിക് മകെയും ചാണക്യപുരിയിലെ നെഹ്റു പാർക്കിൽ ഇന്ന് സംഘടിപ്പിക്കാൻ തീരുമാനിച്ച 'ഡാൻസ് ആൻഡ് മ്യൂസിക് ഇൻ ദ പാർക്ക്' പരിപാടിയിൽ നിന്നാണ് ടി.എം.കൃഷ്ണയുടെ കച്ചേരി ഒഴിവാക്കിയത്. ദേശവിരുദ്ധനെന്ന് വിളിച്ച് സംഘപരിവാർ പ്രവർത്തകർ സോഷ്യൽമീഡിയയിലൂടെ പ്രതിഷേധിച്ചതോടെയാണ് അതോറിട്ടി പിന്മാറിയതെന്ന് ആരോപണം ശക്തമായിരുന്നു. ശനിയാഴ്ച ഡൽഹിയിൽ എവിടെ വേദി കിട്ടിയാലും പാടുമെന്ന് ടി.എം.കൃഷ്ണ പ്രഖ്യാപിച്ചതോടെയാണ് ഡൽഹി സർക്കാർ മുന്നോട്ടുവന്നത്.

## കളിവീടല്ല, കരുത്തുറ്റ വീടിത്

ഹെസ്പെരിയ: 1984ൽ നാദർ ഖലീലി എന്ന അമേരിക്കൻ ശില്പി ഒരു വീടു പണിതു. ചൊവ്വയിലേക്കൊരു കുടിയേറ്റമുണ്ടായാൽ അവിടെ സുഖമായി തങ്ങാൻ സാധിക്കുന്ന നിർമ്മിതി എന്ന രീതിയിലാണ് നാദർ ഈ വീടുകളെ നാസയ്ക്ക് പരിചയപ്പെടുത്തിയത്. ചൊവ്വയിലേക്ക് കുടിയേറ്റമുണ്ടായില്ലെങ്കിലും പിന്നീട് പ്രകൃതി ദുരന്തങ്ങളെ ഫലവത്തായി തടുക്കുന്ന ഭൂമിയിലെ വീടുകളായി അവ മാറി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭവന രഹിതരായ 16 ലക്ഷം പേർക്കാണ് ഇന്ന് നാദറിന്റെ വീട് അഭയം നൽകുന്നത്. അമേരിക്കയിൽ കാലിഫോർണിയ കേന്ദ്രമായി പ്രവർത്തിക്കുന്ന നാദറിന്റെ 'കാൾ എർത്ത്' എന്ന നിർമ്മാണ കമ്പനിയാണ് നിർമ്മാണത്തിനു പിന്നിൽ.

ധ്രുവപ്രദേശങ്ങളിലെ മഞ്ഞു വീടുകളായ ഇഗ്ലുവിന് സമാനമാണ് ഇവയുടെ ആകൃതി. മണൽ ചാക്കുകളുപയോഗിച്ചാണ് വീടിന്റെ ചുവരുകളുടെയും മേൽക്കൂരയുടെയും നിർമ്മാണം. കുഴൽപോലെ നീണ്ട പ്ലാസ്റ്റിക് ചാക്കുകളിൽ മണൽ നിറച്ച് വൃത്താകൃതിയിൽ ഒന്നിനുമുകളിൽ ഒന്നായി അട്ടുക്കി കമ്പികൾ കൊണ്ട് പരസ്പരം ബന്ധിക്കും. തുടർന്ന് വീടിന്റെ ഉൾഭാഗവും പുറത്തും ചെളി കൊണ്ട് മെഴുകും. ചൂടിനെ ചെറുക്കാനാണിത്. പിന്നീട് ഇഷ്ടം പോലെ മോടിപിടിപ്പിക്കാം. 2008ൽ നാദറിന്റെ മരണശേഷം മകൻ ദസ്കറാണ് നിർമ്മാണത്തിന് നേതൃത്വം നൽകുന്നത്.

### പ്രത്യേകതകൾ

- ഭൂകമ്പം, കൊടുങ്കാറ്റ്, തീപിടിത്തം എന്നിവയെ ചെറുക്കുന്ന
- 500 വർഷത്തെ കരുത്ത്
- പഴകുംതോറുംമണ്ണിനോടിണങ്ങും,
- കരുത്തുകൂടും

" പ്രകൃതിയോട് ഇണങ്ങിച്ചേർന്ന് കാലങ്ങളോളം നിലനിൽക്കുന്ന വീടുകളാണ് തങ്ങൾ ലക്ഷ്യമിടുന്നത്. ഭാവിക്കു വേണ്ടിയാണ് ഈ നിർമ്മാണം.

*-ദസ്കർ ഖലീലി, കാൽ എർത്ത് പ്രസിഡന്റ്*



## ഗജ ചുഴലി; തമിഴ്നാട്ടിൽ 22 മരണം

ചെന്നൈ: ഇന്നലെ തമിഴ്നാട്ടിലെ നാഗപട്ടണം തീരംതൊട്ട ഗജ ചുഴലിക്കാറ്റിൽ മരണം 22 ആയി. ഇന്നലെ പുലർച്ചെ പന്ത്രണ്ട് മുപ്പതിനാണ് നാഗപട്ടണം വേദാരണ്യ മേഖലയിലൂടെ ഗജ തീരം തൊട്ടത്. തഞ്ചാവൂർ, പുതുക്കോട്ട, തിരുവാരൂർ, കാരക്കൽ തുടങ്ങിയ വടക്കൻ ജില്ലകളിൽ നാശം വിതച്ച കാറ്റ് കരയിലെത്തി ഒമ്പത് മണിക്കൂറിന് ശേഷമാണ് ശക്തി കുറഞ്ഞത്. ഡിണ്ടുഗൽ, മധുര, സേലം ജില്ലകളിലൂടെ കാറ്റ് കടന്ന് ആദിരാമപട്ടിണം, കൊടൈക്കനാൽ വഴി കേരളത്തിലേക്ക് കടന്ന് വേഗത കുറഞ്ഞ് മണിക്കൂറിൽ 20 കിലോമീറ്റർ വേഗതയോടെ അത് ഇന്ന് അറബികടലിലേക്ക് കടക്കും.

നാഗപട്ടണണത്താണ് ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായതെന്ന് തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി പളനിസ്വാമി പറഞ്ഞു. ചുഴലിക്കാറ്റിൽ ജീവൻ നഷ്ടമായവരുടെ കുടുംബത്തിന് തമിഴ്നാട് സർക്കാർ 10 ലക്ഷം രൂപ സഹായധനം പ്രഖ്യാപിച്ചു. 471 ദുരിതാശ്വാസ ക്യാമ്പുകളിലായി 81,948 പേരെ മാറ്റിപ്പാർപ്പിച്ചു. ജില്ലകളിൽനിന്നുള്ള വിശദമായ റിപ്പോർട്ട് ലഭിച്ചശേഷം കേന്ദ്രസഹായം ആവശ്യപ്പെടുമെന്നും പളനിസ്വാമി പറഞ്ഞു.

### കേന്ദ്ര വിജിലൻസ് കമ്മിഷൻ റിപ്പോർട്ട്

# അലോക് വർമ്മയ്ക്കെതിരെ കൂടുതൽ അന്വേഷണം വേണം

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി: സി.ബി.ഐ സ്പെഷൽ ഡയറക്ടർ രാകേഷ് അസ്താന ഉന്നയിച്ച അഴിമതിയുൾപ്പെടെയുള്ള ആരോപണങ്ങളിൽ സി.ബി.ഐ ഡയറക്ടർ അലോക് വർമ്മയ്ക്ക് ക്ലീൻ ചിറ്റ് നൽകാതെ കേന്ദ്ര വിജിലൻസ് കമ്മിഷൻ റിപ്പോർട്ട്. ചില ആരോപണങ്ങളിൽ കൂടുതൽ അന്വേഷണം ആവശ്യപ്പെടുന്നതാണ് റിപ്പോർട്ടെന്ന് സുപ്രീംകോടതി ഇന്നലെ വ്യക്തമാക്കി. വർമ്മയുടെ മറുപടി തിങ്കളാഴ്ച സമർപ്പിക്കാനാവശ്യപ്പെട്ട ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയി അദ്ധ്യക്ഷനായ ബെഞ്ച് ഹർജി ചൊവ്വാഴ്ചത്തേക്ക് മാറ്റി.

കേന്ദ്രവിജിലൻസ് കമ്മിഷണർ കെ.വി ചൗധരിയുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് നവംബർ 12നാണ് സുപ്രീംകോടതിയിൽ സമർപ്പിച്ചത്.

ചില ആരോപണങ്ങളിൽ സ്തുതർഹ്യം, ചിലതിൽ അത്ര സ്തുതർഹ്യമല്ല, മറ്റുചിലതിൽ ഒട്ടും സ്തുതർഹ്യമല്ല, ചിലതിൽ കൂടുതൽ അന്വേഷണം വേണം - വർമ്മയ്ക്കെതിരായ കമ്മിഷന്റെ കണ്ടെത്തലുകൾ നാലു വിഭാഗമായി തിരിച്ച് ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയി വ്യക്തമാക്കി. അന്വേഷണത്തിന് മേൽനോട്ടം വഹിച്ച റിട്ട. ജസ്റ്റി എ.കെ പട്നായിക്കും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

" ചില ആരോപണങ്ങളിൽ സ്തുതർഹ്യം, ചിലതിൽ അത്ര സ്തുതർഹ്യമല്ല, മറ്റുചിലതിൽ ഒട്ടും സ്തുതർഹ്യമല്ല, ചിലതിൽ കൂടുതൽ അന്വേഷണം വേണം

*-ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയി*



**വർമ്മയുടെ മറുപടി ലഭിച്ച ശേഷം തീരുമാനമെന്ന് സുപ്രീംകോടതി**

### അസ്താനയ്ക്ക് റിപ്പോർട്ട് നൽകില്ല

സി.വി.സി അന്വേഷണ റിപ്പോർട്ട് അലോക് വർമ്മ, അറ്റോർണി ജനറൽ, സോളിസിറ്റർ ജനറൽ എന്നിവർക്ക് മുദ്രവച്ച കവറിൽ നൽകാൻ കോടതി ഉത്തരവിട്ടു. മറുപടി ലഭിച്ചശേഷം ഉചിതമായ തീരുമാനമെടുക്കുമെന്ന് വർമ്മയുടെ അഭിഭാഷകനായ ഫാലി എസ്. നരിമാനോട് കോടതി വ്യക്തമാക്കി. റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കാൻ അറ്റോർണിയുടെയും സോളിസിറ്ററിന്റെയും ഓഫീസുകൾക്ക് കർശന നിർദ്ദേശമുണ്ട്. റിപ്പോർട്ടിന്റെ കോപ്പി വേണമെന്ന രാകേഷ് അസ്താനയുടെ ആവശ്യം കോടതി തള്ളി.



അതേസമയം കേന്ദ്രസർക്കാരോ കേസിലെ മറ്റുകക്ഷികളോ ഇപ്പോൾ മറുപടി നൽകേണ്ടതില്ല. ഇടക്കാല ഡയറക്ടർ എം. നാഗേശ്വരറാവു എടുത്ത പ്രധാന തീരുമാനങ്ങളുടെ പട്ടിക കൈമാറിയിട്ടില്ലെന്നും ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി.

### 'ആൻഡമാൻ നല്ല സ്ഥലമാണ്'

ഇടക്കാല ഡയറക്ടർ എം. നാഗേശ്വരറാവു ആൻഡമാനിലെ പോർട്ട്ബ്ലെയറിലേക്ക് സ്ഥലം മാറ്റിയ സി.ബി.ഐ ഉദ്യോഗസ്ഥൻ എ.കെ ബസിയുടെ ഹർജി ചൊവ്വാഴ്ച കേൾക്കാമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ''ആൻഡമാൻ പോകാൻ പറ്റിയ നല്ല സ്ഥലമാണെന്ന്'' ഈ ആവശ്യം പരിഗണിക്കവെ ചീഫ് ജസ്റ്റിസ് തമാശരൂപേണ പറഞ്ഞു. സി.ബി.ഐ ഡയറക്ടറെ മാറ്റുമ്പോൾ ഉന്നതാധികാര സമിതിയുടെ അനുമതി തേടിയിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുന ഖാർഗെയ്ക്ക് വേണ്ടി കബിൽ സിബൽ കോടതിയെ അറിയിച്ചു. അതുകൊണ്ട് ഖാർഗെയുടെ ഭാഗം കൂടി കേൾക്കണമെന്നും സിബൽ ആവശ്യപ്പെട്ടു.

## സി.ബി.ഐക്ക് പ്രവേശനമില്ലെന്ന് ആന്ധ്രാപ്രദേശ്

ഹൈദരാബാദ്: സി.ബി.ഐ ഉദ്യോഗസ്ഥർക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സംസ്ഥാനത്ത് പ്രവേശിക്കാനോ കേസന്വേഷണം നടത്താനോ സാധിക്കില്ലെന്ന് കാട്ടി ആന്ധ്രപ്രദേശ് സർക്കാർ ഉത്തരവിറക്കി. സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സംസ്ഥാനത്ത് റെയ്ഡുകളും പരിശോധനകളും നടത്താമെന്ന അനുമതിക്കെതിരെയാണ് സർക്കാർ ഉത്തരവിറക്കിയത്. ഇനി ആന്ധ്രപ്രദേശിന്റെ അധികാര പരിധിക്കുള്ളിൽ നടക്കുന്ന കേസുകളിൽ സി.ബി.ഐക്ക് ഇടപെടാൻ സാധിക്കില്ല. സി.ബി.ഐ അഴിമതി ആരോപണങ്ങളെ തുടർന്ന് വിശ്വാസ്യത നഷ്ടപ്പെട്ടതിനാലാണ് തീരുമാനമെന്നും ചന്ദ്രബാബു നായിഡു സർക്കാർ വ്യക്തമാക്കി.

സി.ബി.ഐക്ക് പകരം ആന്ധ്രപ്രദേശ് ആന്റി കറപ്ഷൻ ബ്യൂറോ ആയിരിക്കും റെയ്ഡുകളും മറ്റ് പരിശോധനകളും നടത്തുക.

# മാദ്ധ്യമങ്ങൾക്ക് വിശ്വാസ്യത അനിവാര്യം: അരുൺ ജയ്റ്റ്‌ലി

**സ്വന്തം ലേഖകൻ**

ന്യൂഡൽഹി: മാദ്ധ്യമ പ്രവർത്തനത്തിൽ വിശ്വാസ്യത അനിവാര്യമാണെന്ന് കേന്ദ്രധനമന്ത്രി അരുൺ ജയ്റ്റ്‌ലി പറഞ്ഞു. വികസനോന്മുഖ റിപ്പോർട്ടിംഗിനുള്ള പ്രസ് കൗൺസിലിന്റെ ദേശീയ അവാർഡ് കേരള കൗമുദി ഡെപ്യൂട്ടി എഡിറ്റർ വി.എസ്. രാജേഷിന് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പൊതുജനസമ്മതി സ്വരൂപിക്കുന്നിടത്താണ് മാദ്ധ്യമ വിജയം. അഭിപ്രായ സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ച് മാത്രം പ്രവർത്തിക്കാനാകില്ല. കച്ചവട താത്പര്യക്കാരുടെ തള്ളിക്കയറ്റം യഥാർത്ഥ മാദ്ധ്യമ പ്രവർത്തനത്തെ ചോദ്യം ചെയ്യുന്നതാണ്. സ്വാതന്ത്ര്യാനന്തരവും സർക്കാർ മാദ്ധ്യമ നിയന്ത്രണം നടപ്പാക്കിയിരുന്നു. സമൂഹമാദ്ധ്യമങ്ങളുടെ ഈ കാലത്ത് അടിയന്തരാവസ്ഥ വീണ്ടും പ്രഖ്യാപിച്ചാലും സെൻസറിംഗ് നടപ്പാക്കാൻ ബുദ്ധിമുട്ടായിരിക്കുമെന്നും ജയ്റ്റ്‌ലി പറഞ്ഞു.

സമഗ്രസംഭാവനയ്ക്കുള്ള രാജാറാം മോഹൻറോയ് അവാർഡ് മുതിർന്ന മാദ്ധ്യമ പ്രവർത്തകനും ഹിന്ദു ദിനപത്രം ചെയർമാനുമായ എൻ.റാമിന് നൽകി.

'ജീവൻ രക്ഷയിലും കച്ചവടം' എന്ന പേരിൽ കേരളകൗമുദി പ്രസിദ്ധീകരിച്ച പരമ്പരയ്ക്കാണ് 50,000 രൂപയും ഫലകവും അടങ്ങിയ അവാർഡ് വി.എസ്. രാജേഷിന് ലഭിച്ചത്. പരമ്പരയുടെ അടിസ്ഥാനത്തിൽ സ്റ്റെന്റുകളുടെ വില കേന്ദ്രസർക്കാർ ഗണ്യമായി കുറച്ചിരുന്നു. റൂറൽ റിപ്പോർട്ടിംഗ്, മികച്ച കാർട്ടൂൺ, സ്പോർട്സ് റിപ്പോർട്ടിംഗ് അവാർഡുകളും വിതരണം ചെയ്തു.

മാദ്ധ്യമങ്ങളെ നിയന്ത്രിക്കാനുള്ള നീക്കം അപലപനീയമാണെന്ന് അദ്ധ്യക്ഷത വഹിച്ച പ്രസ് കൗൺസിൽ ഒഫ് ഇന്ത്യ ചെയർമാൻ ജസ്റ്റിസ് ചന്ദ്രകുമാർ മൗലി പ്രസാദ് പറഞ്ഞു. ജൂറി അദ്ധ്യക്ഷൻ അമർ ദേവുലപ്പള്ളി റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്കൗൺസിൽ സെക്രട്ടറി അനുപമ ഭട്ട്നഗർ നന്ദിപറഞ്ഞു.

## ശ്രീലങ്കൻ പാർലമെന്റിൽ വീണ്ടും കൈയാങ്കളി

കൊളംബോ: ശ്രീലങ്കൻ പാർലമെന്റിൽ വ്യാഴാഴ്ച നടന്ന അക്രമ സംഭവങ്ങൾക്കു പിന്നാലെ ഇന്നലെ സഭ സംബന്ധിച്ചപ്പോൾ വീണ്ടും തമ്മിൽത്തല്ലി പിരിഞ്ഞു. വിശ്വാസവോട്ടെടുപ്പിൽ പരാജയപ്പെട്ട മഹിന്ദ രാജപക്സെ പക്ഷത്തെ എംപിമാർ സ്പീക്കറുടെ സീറ്റ് കൈയടക്കിയതോടെയാണ് സഭയിൽ സംഘർഷാവസ്ഥ രൂക്ഷമായത്. സ്പീക്കർക്കെതിരെ മുദ്രാവാക്യം മുഴക്കിയെത്തിയ എം.പിമാരെ പൊലീസ് എത്തിയാണ് നിയന്ത്രിച്ചത്. സംഘർഷത്തെ തുടർന്ന് തിങ്കളാഴ്ച വരെ സഭ നിറുത്തിവച്ചു.

വീണ്ടും വിശ്വാസവോട്ടെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ടാണ് രാജപക്സെ വിഭാഗം എം.പിമാർ ഇന്നലെ ബഹളം തുടങ്ങിയത്.

## രാജസ്ഥാനിൽ കച്ച മുറുക്കി കോൺഗ്രസ്

ജയ്പൂർ: രാജസ്ഥാൻ നിയമസഭാ തിരഞ്ഞെടുപ്പിൽ 152 മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ കോൺഗ്രസ് പ്രഖ്യാപിച്ചു. മുൻ മുഖ്യമന്ത്രി അശോക് ഗെലോട്ട് സർദാർപുരയിലും പി.സി.സി അദ്ധ്യക്ഷൻ സച്ചിൻ പൈലറ്റ് ടോങ്കിലും മത്സരിക്കും. മുൻകേന്ദ്രമന്ത്രിമാരായ സി.പി. ജോഷി നത്‌ദ്വാരയിലും ഗിരിജ വ്യാസ് ഉദയ്പൂരിലും ജനവിധി തേടും. ഗെലോട്ടും പൈലറ്റുമടക്കം നാല് മുഖ്യമന്ത്രി സ്ഥാനാർത്ഥികളെയാണ് കോൺഗ്രസ് രംഗത്തിറക്കുന്നത്.




സമത്വവും സാഹോദര്യവും നിറഞ്ഞ സന്നിധിയിലേക്ക് സ്വാഗതം
മണ്ഡലകാലത്തെ വരവേൽക്കാൻ ശബരിമല ഒരുങ്ങി. ഭക്തജനങ്ങൾക്ക് ഇനി നിറസാഫല്യം.

പൂജാസമയക്രമം
• മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തിന് ഇന്ന് (നവംബർ 17) സമാരംഭം • മണ്ഡലപൂജ ഡിസംബർ 27-ന്. അന്ന് രാത്രി നട അടയ്ക്കും
• മകരവിളക്ക് ഉത്സവത്തിനായി ഡിസംബർ 30-ന് വൈകിട്ട് നട തുറക്കും. • മകരവിളക്ക് 2019 ജനുവരി 14-ന്. ജനുവരി 20-ന് നട അടയ്ക്കും

ശബരിമല തീർത്ഥാടകർക്കായി സർക്കാർ നൽകുന്ന സേവനങ്ങൾ

യാത്രാ/ദർശനക്രമീകരണങ്ങൾ
- പ്രളയത്തെ തുടർന്ന് പമ്പയിലെ ബേസ് ക്യാമ്പ് നിലയ്ക്കലിലേക്ക് മാറ്റി സജ്ജീകരിച്ചിട്ടുള്ളതിനാൽ ഭക്തജനങ്ങൾ വാഹനങ്ങൾ നിലയ്ക്കലിൽ പാർക്ക് ചെയ്യേണ്ടതും തുടർന്ന് അവിടെ നിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പമ്പയിൽ എത്തേണ്ടതുമാണ്. നിലയ്ക്കലിൽ നിന്ന് പമ്പ വരെയും തിരിച്ചുമുള്ള യാത്ര കെ.എസ്.ആർ.ടി.സി. ബസ്സിൽ മാത്രം.
- നിലയ്ക്കലിൽ നിന്ന് പമ്പയിലേക്കും ദർശനം കഴിഞ്ഞ് പമ്പയിൽ നിന്ന് നിലയ്ക്കലിലേക്കുമുള്ള 48 മണിക്കൂർ സാധുതയുള്ള ടിക്കറ്റുകൾ ലഭ്യമാക്കാൻ നിരവധി കൗണ്ടറുകൾ നിലയ്ക്കലിൽ സജ്ജം. യാത്രയ്ക്ക് എ.സി., നോൺ എ.സി., ലോ ഫ്ളോർ ബസ്സുകൾ.
- ഓൺലൈൻ സൗകര്യം - ദർശനസമയവും തീയതിയും മുൻകൂട്ടി ബുക്ക് ചെയ്ത് പമ്പയിലെത്താം. ഇതിനായി www.sabarimalaq.com എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത ശേഷം ബസ്സ് ടിക്കറ്റ് www.keralartc.com ൽ നിന്നും ബുക്ക് ചെയ്യണം.
- നിലയ്ക്കലിൽ വിരി വയ്ക്കാനും വിശ്രമത്തിനും അന്നദാനത്തിനും വിപുലമായ സൗകര്യങ്ങൾ. പമ്പയിൽ ഭക്തർക്ക് കാത്തിരിപ്പ് അനുവദിക്കില്ല.
- പമ്പയിലെത്തിയാൽ സ്നാനം കഴിഞ്ഞ് മല കയറാം.
- പമ്പയിലും നിലയ്ക്കലിലും അപ്പം, അരവണ വിതരണ കൗണ്ടറുകൾ.
- ഭക്തജനത്തിരക്ക് കണക്കിലെടുത്ത് ദർശനം കഴിഞ്ഞാലുടൻ സന്നിധാനത്ത് നിന്നും മടങ്ങേണ്ടതാണ്.

- കാനനപാതയിൽ ഭക്ഷണം, കുടിവെള്ളം, ചികിത്സാസൗകര്യങ്ങൾ.
- സന്നിധാനത്ത് അപ്പം, അരവണ, പ്രസാദ വിതരണത്തിനും നെയ്യഭിഷേകത്തിനും കൂടുതൽ കൗണ്ടറുകൾ.
- സന്നിധാനത്ത് വിപുലമായ അന്നദാനസൗകര്യം.
- ദർശനം കഴിഞ്ഞ് മടങ്ങുന്നതിന് വൺ-വേ സൗകര്യം.

ആരോഗ്യരക്ഷാ ക്രമീകരണങ്ങൾ
- പമ്പ മുതൽ സന്നിധാനം വരെ 5 കി.മീ. യാത്രയിൽ തീർത്ഥാടകർക്ക് വഴിയിലുടനീളം ഇന്റൻസീവ് കെയർ യൂണിറ്റ്, ഓക്സിജൻ പാർലർ, ഓപ്പറേഷൻ തിയറ്റർ, മൊബൈൽ ക്ലിനിക്ക്, ആംബുലൻസ് സൗകര്യങ്ങൾ.
- ഡോക്ടർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ എന്നിവർ പ്രവർത്തനസജ്ജം.
- പമ്പയിൽ നിന്നും പത്തനംതിട്ട ജനറൽ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലേക്ക് 24 മണിക്കൂർ സൗജന്യ ആംബുലൻസ് സേവനം.
- എരുമേലി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ആധുനികസംവിധാനത്തോടുകൂടിയ കാർഡിയാക് കെയർ യൂണിറ്റ്.
- ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലും പത്തനംതിട്ട, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലും പ്രത്യേക ആരോഗ്യസേവന കേന്ദ്രം.
- ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നതിന് പത്തനംതിട്ടയിൽ താത്കാലിക അനലിറ്റിക്കൽ ലബോറട്ടറി.

പ്ലാസ്റ്റിക് നിരോധനം: • ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ശബരിമലയിലും പരിസരത്തും സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്
• ഇരുമുടിക്കെട്ടിൽ നിന്ന് പ്ലാസ്റ്റിക് പദാർത്ഥങ്ങൾ ഒഴിവാക്കുക

അത്യാവശ്യ ഫോൺ നമ്പരുകൾ
• Police Station, Pamba: 04735 203412 • Police Station, Sannidanam: 04735 202014
• Police Control Room, Pamba: 04735 203786 • Highway Police, Pamba: 04735 202101

കേരള സർക്കാർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് • തിരുവിതാംകൂർ ദേവസ്വം ബോർഡ്
Connect with CM | fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App
Maitri.com